(ബി) ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൂട്ടുമുഖത്ത് ഒരു പുതിയ വെറ്ററിനറി ഡിസ്പൻസറി തുടങ്ങുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്റ്റാഫ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

സൗജന്യ മൃഗ ചികിൽസ

631. [854] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ മൃഗ ചികിൽസ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള നിക്ഷേപ സമാഹരണം

632. [855] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ ഈ സാമ്പത്തികവർഷത്തിൽ എത്ര രൂപ നിക്ഷേപമായി സമാഹരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ സമാഹരിച്ചു കഴിഞ്ഞ തുകയിൽ ഒരു കൊല്ലവും രണ്ടു കൊല്ലവും മൂന്നു കൊല്ലവും അഞ്ചു കൊല്ലവും അതിൽ കൂടുതലും കാലയളവിലുള്ള നിക്ഷേപങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷം 60 കോടി രൂപ സമാഹരിക്കാനാണ് സംസ്ഥാന സർക്കാർ പ്രാരംഭികമായി തീരുമാനിച്ചത്. ഇതിനുപുറമെ 1986 ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതലുള്ള ഊർജ്ജിത നിക്ഷേപ സമാഹരണ പരിപാടിയിലൂടെ 100 കോടി രൂപ സമാഹരിക്കാനും ലക്ഷ്യമിട്ടു.

(ബി) 1986 സെപ്റ്റംബർ 30-ാം തീയതി വരെ ദേശീയ സമ്പാദ്യ പദ്ധതിയിലെ വിവിധ സ്കീമുകളായി 85.92 കോടി രൂപ നിക്ഷേപമായ്

LIBRARY ARCHIVES Kerala Legislative Assembly

സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| സേവിംഗ്സ് അക്കൗണ്ട് | — 31.74 | (കോടി രൂപ) |
| 5 വർഷ പോസ്റ്റ് ഓഫീസ് റെക്കറിംഗ് ഡെപ്പോസിറ്റ് | — 13.12 | (കോടി രൂപ) |
| 10 വർഷ ക്യുമുലേറ്റീവ് ടൈം ഡെപ്പോസിറ്റ് | — 1.46 | (കോടി രൂപ) |
| 1 വർഷം മുതൽ 5 വർഷം വരെയുള്ള ടൈം ഡെപ്പോസിറ്റ് | — 13.80 | (കോടി രൂപ) |
| 6 വർഷ, 7 വർഷ ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റ് | — 25.77 | (കോടി രൂപ) |
| പബ്ലിക് പ്രോവിഡന്റ് ഫണ്ട് | — 0.03 | (കോടി രൂപ) |
| ആകെ | 85.92 | (കോടി രൂപ) |

ഒക്ടോബർ അവസാനത്തോടുകൂടി മൊത്ത നിക്ഷേപം 110 കോടി രൂപ കവിയുമെന്നാണ് സൂചന.

## ദേശീയ സമ്പാദ്യ പദ്ധതി ഊർജ്ജിത നിക്ഷേപസമാഹരണം

633. [856] ശ്രീ. വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ ഊർജ്ജിത നിക്ഷേപ പിരിവിൻ പ്രകാരം കിട്ടിയ നിക്ഷേപത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) സമ്മാനത്തിനായി എന്തു തുക ചെലവായി ?

### ഉത്തരം

(എ) ഊർജ്ജിത നിക്ഷേപ സമാഹരണ പ്രകാരം 1986 ഓഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ 5059.89 ലക്ഷം രൂപ വിവിധ ജില്ലകളിൽ നിന്നായി സമാഹരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | 318.78 | ലക്ഷം രൂപ |
| കൊല്ലം | 273.94 | ,, |
| പത്തനംതിട്ട | 174.62 | ,, |
| ആലപ്പുഴ | 240.16 | ,, |
| കോട്ടയം | 557 24 | ,, |
| ഇടുക്കി | 129.80 | ,, |
| എറണാകുളം | 602.72 | ,, |
| തൃശ്ശൂർ | 713.78 | ,, |
| പാലക്കാട് | 332.25 | ,, |
| മലപ്പുറം | 260.94 | ,, |
| കോഴിക്കോട് | 482.25 | ,, |
| വയനാട് | 97.96 | ,, |
| കണ്ണൂർ | 597.44 | ,, |
| കാസർഗോഡ് | 216.49 | ,, |
| ആകെ | 5059.89 | (ലക്ഷം രൂപ) |

LIBRARY ARCHIVES Kerala Legislative Assembly